**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3032** **13-07-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ കാലവർഷ തകർച്ച നേരിടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സവിശേഷമായ കാലാവസ്ഥയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച് റോഡുകളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. പൊതുമരാമത്ത് റോഡുകളിൽ Traffic Volume Study-യും Detailed Investigation-ഉം നടത്തി റോഡിന്റെ അടിസ്ഥാനം ബലപ്പെടുത്തിയും മഴവെള്ളവും ഉറവകളും റോഡിൽ കെട്ടിനിൽക്കാതെ, ആവശ്യമായ കാനകൾ നിർമ്മിച്ചും, റോഡിനെ പുനർ നിർമ്മിച്ചും റോഡിന്റെ സംരക്ഷണം ഉറപ്പാക്കി വരുന്നു. നിരത്തു പരിപാലന വിഭാഗത്തിനു കീഴിൽ "റണ്ണിംഗ് കോൺട്രാക്ട്" എന്ന പേരിൽ കരാറുകാരന് വർഷം മുഴുവൻ റോഡ് പരിപാലിക്കേണ്ട ചുമതല ഏൽപ്പിക്കുകയും റോഡിന്റെ മോശം അവസ്ഥ കൊണ്ടുണ്ടാകുന്ന അപകടം ഇല്ലാതാക്കാൻ സാധിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ 7000 കി.മീ വരുന്ന കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട റോഡുകളിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടെ റോഡിന്റെ നിർമ്മാണഘട്ടത്തിൽ തന്നെ കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള സാങ്കേതികവിദ്യയും (Climatic Resilient Road) നടപ്പിലാക്കുന്നതാണ്. |
| (ബി) | കാലവർഷക്കെടുതിയിൽ നിന്ന് റോഡുകളും മരാമത്ത് ആസ്തികളും സംരക്ഷിക്കുന്നതിന് പ്രത്യേക ടാസ്ക് ഫോഴ്സും കൺട്രോൾ റൂം അടക്കമുള്ള സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 25/05/2022 ലെ പൊതുമരാമത്ത് വകുപ്പ് മിഷൻ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും ആസ്തികളും സംരക്ഷിക്കുന്നതിന് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് ലെവൽ ടീം, ഡിസ്ട്രിക്റ്റ് ലെവൽ ടീം എന്നിവ ഉൾപ്പെടുന്നു. ഇതനുസരിച്ച് “1800-425-7771” എന്ന ടോൾ ഫ്രീ നമ്പരിൽ പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ പബ്ലിക് ഇൻഫർമേഷൻ സെൽ (PI) Cell KSTP യിൽ കൺട്രോൾ റൂം ആയി പ്രവർത്തിക്കുന്നു. മേൽ ടോൾ ഫ്രീ നമ്പരിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ |

| | | | |
|---|---|---|---|
| | | | രാത്രി 7.30 വരെ പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാവുന്നതാണ്. ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ആയത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് PI സെൽ ഫോൺ മുഖാന്തിരം കൈമാറുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ പരാതി സ്ഥലം പരിശോധിച്ച് സ്ഥിരമായോ താൽക്കാലികമായോ പരാതി പരിഹരിക്കുന്നു. മഴ ഇല്ലെങ്കിൽ 48 മണിക്കൂറിനുള്ളിൽ താൽക്കാലിക പരിഹാരമെങ്കിലും സാധ്യമാക്കണമെന്നാണ് നിർദ്ദേശം. പരാതി പരിഹരിച്ച വിവരം പരാതിക്കാരനെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയും PI സെല്ലുമായി ബന്ധപ്പെട്ടുള്ള വാട്ട്സാപ്പ് ഗ്രൂപ്പിൽ അറിയിക്കുകയും ചെയ്യുന്നു. കൂടാതെ പരാതി പരിഹരിക്കുന്നതിന് മുൻപും ശേഷവും ഉള്ള ഫോട്ടോകൾ പ്രസ്തുത വാട്ട്സാപ്പ് ഗ്രൂപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉടൻതന്നെ അയയ്ക്കുകയും ചെയ്യുന്നു. |
| (സി) | റോഡിന്റെ തകർച്ച അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പർ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നമ്പർ മുഖേന അറിയിക്കുന്ന പരാതികൾക്ക് ഉടൻ പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. 25/05/2022 ലെ പൊതുമരാമത്ത് വകുപ്പ് മിഷൻ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും ആസ്തികളും സംരക്ഷിക്കുന്നതിന് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് ലെവൽ ടീം, ഡിസ്ട്രിക്റ്റ് ലെവൽ ടീം എന്നിവ ഉൾപ്പെടുന്നു. ഇതനുസരിച്ച് "1800-425-7771" എന്ന ടോൾ ഫ്രീ നമ്പരിൽ പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ പബ്ലിക് ഇൻഫർമേഷൻ സെൽ (PI) Cell KSTP യിൽ കൺട്രോൾ റൂം ആയി പ്രവർത്തിക്കുന്നു. മേൽ ടോൾ ഫ്രീ നമ്പരിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ രാത്രി 7.30 വരെ പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാവുന്നതാണ്. ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ആയത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് PI സെൽ ഫോൺ മുഖാന്തിരം കൈമാറുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ പരാതി സ്ഥലം പരിശോധിച്ച് സ്ഥിരമായോ താൽക്കാലികമായോ പരാതി പരിഹരിക്കുന്നു. മഴ ഇല്ലെങ്കിൽ 48 മണിക്കൂറിനുള്ളിൽ താൽക്കാലിക പരിഹാരമെങ്കിലും സാധ്യമാക്കണമെന്നാണ് നിർദ്ദേശം. പരാതി പരിഹരിച്ച വിവരം പരാതിക്കാരനെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയും PI സെല്ലുമായി ബന്ധപ്പെട്ടുള്ള വാട്ട്സാപ്പ് ഗ്രൂപ്പിൽ അറിയിക്കുകയും ചെയ്യുന്നു. കൂടാതെ പരാതി പരിഹരിക്കുന്നതിന് മുൻപും ശേഷവും ഉള്ള ഫോട്ടോകൾ പ്രസ്തുത വാട്ട്സാപ്പ് ഗ്രൂപ്പിൽ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ ഉടൻതന്നെ അയയ്ക്കുകയും ചെയ്യുന്നു. |
| (ഡി) | പ്രതികൂല കാലാവസ്ഥയിൽ റോഡുകൾക്ക് ഉണ്ടാകുന്ന തകർച്ച പെട്ടെന്ന് കണ്ടെത്തി പരിഹരിക്കുന്നതിലൂടെ ഗതാഗത ക്ഷമത നിലനിർത്തുന്നതിനും അമിത ചെലവുകൾ ഒഴിവാക്കുന്നതിനും കഴിയുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്. പൊതുമരാമത്ത് വകുപ്പ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ "റണ്ണിംഗ് കോൺട്രാക്ട്" എന്ന പദ്ധതി മൂലം കരാറുകാരന് വർഷം മുഴുവൻ റോഡ് പരിപാലിക്കേണ്ട ചുമതല നൽകുകയും റോഡ് തകർച്ച ഉണ്ടാകുന്ന സമയത്ത് ഉടൻ തന്നെ പരിഹരിക്കുകയും ഗതാഗതക്ഷമത നിലനിർത്തുകയും അതുവഴി അമിത ചെലവുകൾ ഒഴിവാക്കുന്നതിന് സാധിക്കുകയും ചെയ്യുന്നു. കൂടാതെ ഔട്ട് പുട്ട് ആന്റ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് (OPBRC) പ്രകാരം കരാറുകാരന് ഏഴ് വർഷം തിരഞ്ഞെടുക്കപ്പെട്ട റോഡ് പരിപാലിക്കേണ്ട ചുമതല നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ